'ഭരണഭാഷ - മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. എൻ.എ. ടെസീലയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2410/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/10/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012-ലെ ഇ10(വിഇ 07/2010/എംപിഎം) 18165/2010 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 14.09.2012-ലെ 8930/ഡി3/2012/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 03.12.2012-ലെ 59259/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. എൻ.എ. ടെസീല സമർപ്പിച്ച 12.02.2013-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 29.10.2018-ലെ ഡി4-38904/12 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിൽ അക്ഷയ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലെ ആരോപണങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മാറാക്കര ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമടങ്ങിയ മിനിട് സ് ബുക്കിന്റെ പേജുകൾ ശൂന്യമായി സൂക്ഷിച്ചതിനും അക്ഷയ പ്രോജക്ടിന്റെ ഫയൽ നഷ്ടപ്പെടാനിടയായതിനും ശ്രീമതി. എൻ.എ. ടെസീല ഉത്തരവാദിയാണെന്നും ആയതിനാൽ ശ്രീമതി. എൻ.എ. ടെസീലയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നുമുള്ള വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. എൻ.എ. ടെസീലയ്ക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. എൻ.എ. ടെസീല പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. എൻ.എ. ടെസീല 01.02.2008-ലാണ് മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചതെന്നും തുടർന്ന് ശ്രീമതി. എൻ.എ. ടെസീല സെക്രട്ടറിയുടെ ചാർജ് ഏറ്റെടുത്തതിനു ശേഷം 12.02.2008-ലാണ് ആദ്യ ഗ്രാമപഞ്ചായത്ത് യോഗം ചേരുകയുണ്ടായതെന്നും പ്രസ്തുത യോഗത്തിന്റെ മിനിട് സ് കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 1995 പ്രകാരം 48 മണിക്കൂറിനകം

പൂർത്തീകരിച്ച പ്രസിഡന്റിന്റെ അംഗീകാരം വാങ്ങേണ്ടതും യോഗതീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും എന്നാൽ മുൻ സെക്രട്ടറിയുടെ സമയത്തു നടന്ന നിരവധി പഞ്ചായത്ത് യോഗങ്ങളുടെ മിനിട് സുകൾ എഴുതി പൂർത്തീകരിക്കുവാനുള്ളതിനാൽ ആയത് പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടും സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ഹെഡ് ക്ലാർക്ക് ശ്രീമതി. വിശ്വകുമാരി മിനിട് സുകൾ എഴുതി പൂർത്തിയാക്കാത്തതിനാൽ പുതിയ മിനിട് സ് പുസ്തകം എടുത്ത് പഞ്ചായത്ത് യോഗം രേഖപ്പെടുത്തുകയാണ് ചെയ്തത് എന്ന് ബോധ്യപ്പെടുകയുണ്ടായിയെന്നും പഞ്ചായത്ത് യോഗനടപടികളുടെ ചട്ടങ്ങൾ പാലിക്കുന്നതിനും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിനും ഉത്തമ വിശ്വാസത്തോടെ ടിയാൾ ചെയ്ത പ്രവർത്തി മാത്രമായി അതിനെ കാണാവുന്നതാണെന്നും, മിനിട് സ് ബുക്കിന്റെ പേജുകൾ ശൂന്യമായി ഇട്ടതിനു യഥാർത്ഥത്തിൽ ഉത്തരവാദി ചട്ടപ്രകാരം മിനിട് സ് യഥാസമയം എഴുതി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് ഹെഡ് ക്ലാർക്കാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. എൻ.എ. ടെസീല മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ് പുതിയ മിനിട് സ് പുസ്തകം എടുത്ത് പഞ്ചായത്ത് പ്രസിഡന്റിന്റെ അനുമതിയോടെ പഞ്ചായത്ത് യോഗങ്ങൾ രേഖപ്പെടുത്തിയതെന്നും ടിയാളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുള്ളതായി കാണാൻ കഴിയില്ലെന്നും ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച ടിയാളുടെ എതിർവാദ പത്രികയിലെ ന്യായവാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാറാക്കര ഗ്രാമപഞ്ചായത്തിൽ 2007-08 സാമ്പത്തിക വർഷം എസ്.ഒ. 17/08 എന്ന പ്രൊജക്റ്റ് പ്രകാരം വനിതാ തൊഴിൽ യൂണിറ്റുകൾക്ക് സി.എഫ്. ലാമ്പ് അസ്സംബ്ലിങ് എന്ന പദ്ധതി നടത്താൻ തീരുമാനിച്ചിരുന്നുവെന്നും എന്നാൽ ടി പദ്ധതി സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത വനിതകൾക്ക് ചെയ്യാൻ സാധിക്കാത്തതിനാൽ പ്രൊജക്ട് നിർവ്വഹണം സാധ്യമല്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ഭേദഗതി ചെയ്ത എ.ഡി.എസ്, സി.ഡി.എസ്. തൊഴിൽ രഹിത വനിതകൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം (അക്ഷയ പദ്ധതി) എന്ന പ്രൊജക്റ്റ് ആയി ഭേദഗതി ചെയ്ത 1,24,974/- രൂപ വകയിരുത്തി 15.03.2008-ന് ഡി.പി.സി. അംഗീകാരം വാങ്ങിയിരുന്നുവെന്നും എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം നിശ്ചിത സമയ പരിധിക്കകം പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതെ വരികയാൽ സെക്രട്ടറി അക്ഷയ സ്ഥാപനത്തിന് 2007-08 വർഷം തുക നല്കുകയുണ്ടായില്ലെന്നും 2008-09 വാർഷിക പദ്ധതിയിൽ വീണ്ടും ഈ പ്രൊജക്ട് സ്പിൽ ഓവറായി 1,00,000/- രൂപ തനതു ഫണ്ട് വകയിരുത്തി ഏറ്റെടുക്കുകയും ചെയ്തതായി കാണുന്നുവെന്നും തുടർന്ന് 21.05.2008-ന് മാറാക്കര ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച ശ്രീമതി. ടെസീല ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലേക്ക് വിടുതൽ ചെയ്യുകയുണ്ടായിയെന്നും ആയതിന് ശേഷമാണ് പഞ്ചായത്തിന്റെ 2008-09 വാർഷിക പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കുകയുണ്ടായതെന്നും ആയതിനാൽ അക്ഷയ പ്രൊജക്ട് സംബന്ധിച്ച പ്രസ്തുത ഫയൽ നഷ്ടപ്പെടാൻ ഇടയായതിന് ശ്രീമതി. ടെസീല ഉത്തരവാദിയല്ലെന്ന് കാണുന്നുവെന്നും മാത്രമല്ല, പ്രൊജക്ട് ഫയൽ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിൽ നിഷിപ്തവുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീമതി. എൻ.എ. ടെസീല സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 30.01.2008-ലെ മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമടങ്ങിയ മിനിട് സ് ബുക്കിന്റെ 254 മുതൽ 297 കൂടിയ പേജുകൾ ശൂന്യമായി സൂക്ഷിച്ചതിനും അക്ഷയ പ്രോജക്ടിന്റെ ഫയൽ നഷ്ടപ്പെടാനിടയായതിനും ശ്രീമതി. എൻ.എ. ടെസീല ഉത്തരവാദിയല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമടങ്ങിയ മിനിട് സ് ബുക്കിന്റെ പേജുകൾ ശൂന്യമായി സൂക്ഷിച്ചതിന് ശ്രീമതി. എൻ.എ. ടെസീല ഉത്തരവാദിയല്ലാത്ത സാഹചര്യത്തിലും, അക്ഷയ പ്രോജക്ടിന്റെ ഫയൽ നഷ്ടപ്പെടാനിടയായത് ടിയാളുടെ കാലയളവിന് ശേഷമായതിനാലും പ്രസ്തുത വീഴ്ചകൾക്ക് ശ്രീമതി.

എൻ.എ. ടെസീല ഉത്തരവാദിയല്ലെന്നു കാണുന്നു. ഈ സാഹചര്യത്തിൽ മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. എൻ.എ. ടെസീലയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. എൻ.എ. ടെസീല, മുൻ സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/421/2019-വിജി. തീയതി 18.10.2019പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/273/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ